ഗുരുവായൂർ ക്ഷേത്രത്തിലെ പ്രതിമാസ വരുമാനം

70 [385] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" ഇ. എം. അഗസ്തി:
" എൻ. ശക്തൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. അടൂർ പ്രകാശ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഭണ്ഡാരത്തിൽനിന്നും പ്രതിമാസം എന്തു തുക വീതം ലഭിക്കുന്നു;

(ബി) ഇതു കാണിക്കയാണോ എന്നു വ്യക്തമാക്കാമോ;

(സി) കാണിക്ക അർപ്പിക്കുന്ന ഭക്തജനങ്ങളുടെ പാദരക്ഷകൾ സൂക്ഷിക്കുന്നതിന് ഇപ്പോൾ ഫീസ് വാങ്ങുന്നുണ്ടോ;

(ഡി) എങ്കിൽ എന്നു മുതലാണ് വാങ്ങുന്നത്;

(ഇ) പാദരക്ഷകൾ സൂക്ഷിക്കുന്നതിനു തലവരിപ്പണം വാങ്ങുന്നുണ്ടോ; എങ്കിൽ ഈ ഏർപ്പാട് അവസാനിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ശരാശരി ഒരു കോടി രൂപ ഭണ്ഡാരങ്ങളിൽനിന്നും കാണിക്കയായി ലഭിക്കുന്നുണ്ട്.

(സി) കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 2 കൗണ്ടറുകളിൽ ഫീസ് ഈടാക്കിക്കൊണ്ടും ഒരു കൗണ്ടർ ഫീസ് ഈടാക്കാതെയും പ്രവർത്തിക്കുന്നു.

(ഡി) 2000 സെപ്തംബർ മുതൽ.

(ഇ) ദേവസ്വം നടത്തിവന്ന സൗജന്യ ചെരുപ്പ് കൗണ്ടറുകളിലെ എൻ.എം.ആർ. തൊഴിലാളികളെ പിരിച്ചുവിട്ടശേഷം കരാർ അടിസ്ഥാനത്തിൽ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുവാൻ തുടങ്ങിയതുമുതലാണ് തലവരിപ്പണം ഈടാക്കി തുടങ്ങിയത്. സൗജന്യമായി ഒരു കൗണ്ടർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന് ബഹു. ഹൈക്കോടതിയുടെ അനുമതിയുണ്ട്. കരാർ സമ്പ്രദായം നിർത്തലാക്കിയാൽ ദേവസ്വത്തിന് വളരെ നഷ്ടമുണ്ടാകുമെന്നതിനാൽ ഇത് നിർത്തലാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly